**ലേബർ കമ്മീഷണറുടെ നടപടിക്രമം**

**(സാന്നിദ്ധ്യം : സഫ്ന നസറുദ്ദീൻ ഐ .എ .എസ്)**

–

വിഷയം : തൊഴിൽ വകുപ്പ് – എൻഫോഴ്സ്മെൻറ് -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പ് 2025- വോട്ടെടുപ്പ് നടക്കുന്ന ദിവസങ്ങളിൽ സ്വകാര്യ സ്ഥാപനങ്ങൾ,ഐ.ടി. മേഖല, പ്ലാന്റേഷൻ മേഖല എന്നിവടങ്ങളിലെ ജീവനക്കാർക്ക് വേതനത്തോടുകൂടിയ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

വായന: 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 28/11/2025 തീയതിയിലെ B2/132/2025- SEC Part(2) നമ്പർ കത്ത്.

2.02/12/2025തീയതിയിലെ സ.ഉ(സാധാ) നം.5209/2025/പൊ.ഭ.വ

**ഉത്തരവ് നമ്പർ LCO/5702/2025-EN(2) തീയതി: 04-12-2025**

സംസ്ഥാനത്ത് മട്ടന്നൂർ നഗരസഭ ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പ് 2025 ഡിസംബർ 9, 11 എന്നീ തീയതികളിൽ നടത്തുന്നതിനായി കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളതും, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ 2025 ഡിസംബർ 9-നും (ചൊവ്വ) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 2025 ഡിസംബർ 11-നും (വ്യാഴം) വായന(2) ഉത്തരവ് പ്രകാരം വോട്ടെടുപ്പ് ദിവസങ്ങളിൽ സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് അവധി നൽകുന്നതിനായി പ്രത്യേക നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയതിൻറെ അടിസ്ഥാനത്തിൽ ഐ.ടി. മേഖല ഉൾപ്പെടെയുള്ള ഏതെങ്കിലും സ്ഥാപനത്തിലോ വാണിജ്യ സ്ഥാപനത്തിലോ വ്യാപാര സ്ഥാപനത്തിലോ മറ്റേതെങ്കിലും സ്ഥാപനത്തിലോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതും, തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് അർഹതയുമുള്ള ജീവനക്കാർ ക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് വേതനത്തോടുകൂടിയുള്ള അവധി നൽകണമെന്നും എന്നാൽ അപ്രകാരം ഒരാളിന് അവധി അനുവദിക്കുന്നതിന് അയാൾ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന് ആപത്ക്കരമോ സാരവത്തായ നഷ്ടമോ ഇടവരുന്നുണ്ടെങ്കിൽ അയാൾക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും ഇതിനാൽ ഉത്തരവാകുന്നു.

സ്വന്തം ജില്ലയ്ക്ക് പുറത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സംസ്ഥാനത്തെ വോട്ടർമാർക്ക് ബന്ധപ്പെട്ട വോട്ടെടുപ്പ് ദിവസം ജില്ലയിലെ പോളിംഗ് സ്റ്റേഷനിൽ പോയി വോട്ട് ചെയ്യുന്നതിനും തൊഴിലുടമ അവധി നൽകണമെന്നും ഉത്തരവാകുന്നു. (വേതനത്തോടുകൂടി)

മേൽ ഉത്തരവ് ഐ.ടി. മേഖല, പ്ലാന്റേഷൻ മേഖല എന്നിവ ഉൾപ്പെടെയുള്ള എല്ലാ

സ്വകാര്യ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ, ജില്ലാ ലേബർ ഓഫീസർമാർ (ഇ) എന്നിവർ മേൽ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട ക്രമീകരണം ചെയ്യേണ്ടതാണ്.

Safna Nazarudeen

LABOUR COMMISSIONER

പകർപ്പ് :

1. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
2. എല്ലാ ജില്ലാ ലേബർ ഓഫീസർ(ഇ)മാർക്കും
3. ഐ.ടി.സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. പബ്ലിസിറ്റി ഓഫീസർ
5. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്( ഇ .എൻ .എഫ് )